# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.735.** **07.02.2013 -ൽ മറുപടിയ്ക്ക്**

**മരുന്നു പരീക്ഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ:<br>ശ്രീ. കെ. എൻ. എ. ഖാദർ:<br>ശ്രീ. കെ. മുഹമ്മദുണ്ണിഹാജി: | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | അനധികൃത മരുന്നു പരീക്ഷണം മരണങ്ങൾക്കിടയാക്കുന്നു എന്നും, അത് തടയണമെന്നുള്ള ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് ഇപ്പോൾ ഏതെങ്കിലും തരത്തിലുള്ള മരുന്നു പരീക്ഷണം നടക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് ഏതെങ്കിലും സംസ്ഥാന ഏജൻസി വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ, വിശദവിവരം നൽകുമോ; | ബി) യും സി) യും | കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശത്തിനു വിധേയമായി അതത് സ്ഥാപനങ്ങളിലെ എത്തിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രമേ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മരുന്നു പരീക്ഷണം നടത്തുകയുള്ളൂ. ഈ സർക്കാർ അധികാരമേറ്റശേഷം മാർക്കറ്റ് ചെയ്തിട്ടില്ലാത്ത മരുന്നുകളുടെ പരീക്ഷണമൊന്നും സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്തിയിട്ടില്ല. എന്നാൽ മാർക്കറ്റ് ചെയ്തിട്ടുള്ള ചില മരുന്നുകളുടെ പരീക്ഷണം മേൽപ്പറഞ്ഞ വിധമുള്ള അംഗീകാരത്തോടെ നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരശേഖരണം നടത്തുന്നതിന് പ്രത്യേക ഏജൻസിയൊന്നും നിലവിലില്ല. |
| സി) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് അനുമതിയോടെയുള്ള മരുന്നു പരീക്ഷണം നടന്നിരുന്നോ; എങ്കിൽ, അതു സംബന്ധിച്ച വിശദവിവരം നൽകാമോ? | | |

സെക്ഷൻ ഓഫീസർ